"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസം – **2026-27** അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനം – സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Rt)No.888/2026/HEDN** തീയതി,തിരുവനന്തപുരം, **24-07-2026**

---

പരാമർശം:- 1. സ.ഉ.(കൈ) നം.3/**2026**/ഉ.വി.വ. തീയതി **01.01.2026.**

2. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **21.07.2026** ലെ **CEE/610/2025-TA1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**2026-27** അധ്യയന വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പരാമർശം **(1)** പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് അംഗീകരിച്ചിരുന്നു. പ്രസ്തുത പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിൽ, നിശ്ചിത സമയപരിധിക്കുള്ളിൽ പ്ലസ് ടു മാർക്ക് ലിസ്റ്റ് സമർപ്പിച്ച അപേക്ഷകരെ ഉൾപ്പെടുത്തിയാണ് എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് **27.06.2026**-ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചത്.

**2.** തുടർന്ന്, പ്രവേശന പരീക്ഷ എഴുതിയിട്ടും നിശ്ചിത സമയപരിധിക്കുള്ളിൽ പ്ലസ് ടു മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യാൻ സാധിക്കാതിരുന്നതിനാൽ ചില ഉദ്യോഗാർത്ഥികൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതായും, ഇതുമൂലം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിനുള്ള അർഹത ഉണ്ടായിരുന്നിട്ടും, പ്രസ്തുത വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് അവസരം ലഭിക്കാത്ത സാഹചര്യമുണ്ടായതായി പ്രവേശന പരീക്ഷാ കമ്മീഷണർ പരാമർശം **(2)** കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളതും, എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്ലസ് ടു മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തതിനാൽ നിലവിലെ റാങ്ക്

ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് അവസരം ലഭ്യമാക്കുന്നതിനും ഒഴിവുള്ള മാനേജ്മെന്റ് സീറ്റുകൾ നികത്തുന്നതിനുമായി, **2026-27** അധ്യയന വർഷത്തേക്ക് മാത്രം, ഒരുതവണത്തെ പ്രത്യേക ഇളവായി, ഈ വിദ്യാർത്ഥികളെ റാങ്കോ സ്കോറോ രേഖപ്പെടുത്താതെ "**Qualified**" എന്ന നിലയിൽ മാത്രം ഉൾപ്പെടുത്തി ഒരു സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**4.** പ്രസ്തുത സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിൽ (**CAP**) ഉപയോഗിക്കുവാൻ പാടില്ല. ഈ ലിസ്റ്റ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി മാത്രം ഉപയോഗിക്കേണ്ടതും, പ്രോസ്പെക്ടസിലും നിലവിലുള്ള നിയമങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റ് എല്ലാ യോഗ്യതാ മാനദണ്ഡങ്ങളും പാലിക്കപ്പെടേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SUNIL KUMAR S**
**JOINT SECRETARY**

പ്രവേശന പരീക്ഷാ കമ്മീഷണർ,ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്,തമ്പാനൂർ, തിരുവനന്തപുരം-**695001.**
മാനേജർ, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി & ഫീസ് റെഗുലേറ്ററി കമ്മിറ്റി. ടി.സി. **15/1553**, പ്രശാന്തി ബിൽഡിംഗ്സ്, എം.പി. അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (**A & E/Audit**) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക *വകുപ്പ്.*
***www.highereducation.kerala.gov.in.***
*കരുതൽ* ഫയൽ/ഓഫീസ് കോപ്പി. (**HEDN-G3/168/2026-HEDN**)

ഉത്തരവിൻ പ്രകാരം

Digitally signed by
Deepa N S
Date: 25-07-2026
10:57:09

സെക്ഷൻ ഓഫീസർ